## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 291

12.12.2014 ൽ മറുപടിയ്ക്ക്

# സോയിൽ ഹെൽത്ത് കാർഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.എം.എ വാഹീദ്<br>ശ്രീ.പി.സി വിഷ്ണുനാഥ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) മണ്ണറിഞ്ഞ് വളപ്രയോഗം ചെയ്യുന്നതിനും അതുവഴി ഉത്പാദനക്ഷമതയും ഉത്പാദനവും വർദ്ധിപ്പിക്കുന്നതിനും കൃഷിച്ചെലവ് കുറയ്ക്കുന്നതിനും സോയിൽ ഹെൽത്ത് കാർഡ് നൽകുന്നതു വഴി ലക്ഷ്യമിടുന്നു. മണ്ണിലെ സൂക്ഷ്മ മൂലകങ്ങളുടെ പരിശോധനാ ഫലം ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കൂടുതൽ സഹായിക്കുന്നു. മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിന് കൂടുതൽ ജൈവ വളങ്ങൾ ചേർക്കുന്നതിനും ജൈവകൃഷിയിലേക്ക് കർഷകരെ ആകർഷിക്കുന്നതിനും ലക്ഷ്യമിടുന്നു. |
| (സി) കാർഡുകളിൽ എന്തെല്ലാം വിവരങ്ങളാണ് രേഖപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (സി) സോയിൽ ഹെൽത്ത് കാർഡുകളെ നാലു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ആദ്യഭാഗത്ത് കർഷകന്റെ പേര്, മേൽവിലാസം, സ്ഥലത്തിന്റെ ലൊക്കേഷൻ, സാമ്പിൾ കോഡ് എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു.<br>രണ്ടാം ഭാഗത്ത് മണ്ണുപരിശോധന ഫലവും ഓരോ ഘടകത്തിന്റെയും വ്യാഖ്യാനവും രേഖപ്പെടുത്തിയിരിക്കുന്നു. |

മൂന്നാം ഭാഗത്ത് മണ്ണ് പരിശോധനാടിസ്ഥാനത്തിൽ കർഷകന്റെ പ്രധാനപ്പെട്ട മൂന്ന് വിളകളുടെ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശുപാർശകൾ അടങ്ങിയിരിക്കുന്നു.

നാലാം ഭാഗത്ത് പൊതുവിലുള്ള വിളവ് പരിപാലന നിർദ്ദേശങ്ങൾ അടങ്ങിയിരിക്കുന്നു.

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | സംസ്ഥാനത്ത് 14 ജില്ലകളിലും മണ്ണ് പരിശോധന ശാലകളും 11 ജില്ലകളിൽ സഞ്ചരിക്കുന്ന മണ്ണ് പരിശോധന ശാലകളും പ്രവർത്തിക്കുന്നു. ഈ ലാബുകളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം ചീഫ് സോയിൽ കെമിസ്റ്റ് നിർവ്വഹിക്കുന്നു. സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര മണ്ണ് സസ്യ ആരോഗ്യ കേന്ദ്രമാണ് എല്ലാ ലാബുകളുടേയും പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. കൃഷി ഡയറക്ടറേറ്റിൽ കൃഷി അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്) ലാബുകളുടെ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നിർവ്വഹിക്കുന്നു. കൂടാതെ മണ്ണ് പര്യവേക്ഷണ സംരക്ഷണ ഡയറക്ടറേറ്റ് വഴിയും സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ